## പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:217 — 05/03/2012 - ൽ മറുപടിക്ക്

## തീരദേശത്തെ റോഡുകൾ നിർമ്മിക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ മാധവൻ : | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഫിഷറീസ് വകുപ്പിന്റെ ധന സഹായത്തോടെ തീരദേശത്തെ റോഡുകൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ എത്ര റോഡുകൾ നിർമ്മിക്കുന്നതിനാണ് ഈ സർക്കാർ അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) ഫിഷറീസ് വകുപ്പിന്റെ ധന സഹായത്തോടെ തീരദേശത്തെ റോഡുകൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ 23 തീരദേശ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) മണലൂർ നിയോജക മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ തീരദേശ റോഡുകൾ പുനർനിർമ്മിക്കുന്നത് സംബന്ധിച്ച് എം.എൽ.എ. നിവേദനം നൽകിയിരുന്നോ ; | (ബി) ബഹു.മണലൂർ എം.എൽ.എ.യുടെ ശുപാർശ പ്രകാരം വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ LSGD സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ റോഡുകളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ബഹു. എം.എൽ.എ. യുടെ ദൂതൻ മുഖേന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും, ഏതെല്ലാം റോഡുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ? | (സി) | ബഹു. മണലൂർ എം.എൽ.എ. ശുപാർശ ചെയ്ത 3 റോഡുകളായ ആലുങ്കൽ ക്ഷേത്രം ലിങ്ക് റോഡ്,ഫ്രൂക്ക്നഗർ-റഹ്മത്ത്നഗർറോഡ്, മൊയ്തീൻപള്ളി-പൊക്കൻചേരി റോഡ് എന്നിവയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്ക് സമർപ്പിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ വിശദമായി പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ